**സൂപ്രണ്ട്/പ്രിൻസിപ്പൽമാർ അപേക്ഷ കൺഫേം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പരീക്ഷാഭവന്റെ വെബ്സൈറ്റിലെ സൂപ്രണ്ട്/പ്രിൻസിപ്പൽമാർ Login എന്ന Link Click ചെയ്യുക. ആദ്യതവണ സ്കൂൾകോഡ് തന്നെ പാസ്‌വേർഡായി ഉപയോഗിക്കുക. (പാസ്‌വേർഡ് മാറ്റിയിട്ടുണ്ടെങ്കിൽ ആ പാസ്‌വേർഡ് ഉപയോഗിക്കേണ്ടതാണ്.) Login ചെയ്ത് പാസ്‌വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ്. (ഒരു പ്രാവശ്യം പാസ്‌വേർഡ് മാറ്റിയവർ പിന്നെ മാറ്റേണ്ടതില്ല)
2. Login ചെയ്തുകഴിയുമ്പോൾ Revaluation/Photocopy/Scruitiny എന്നിവയ്ക്കു വേണ്ടി ആ സ്കൂളിൽ നിന്നും അപേക്ഷിച്ചവരുടെ ലിസ്റ്റ് ലഭ്യമാകും. പരീക്ഷാർത്ഥികൾ സമർപ്പിച്ച പ്രന്റൗട്ട് ഇതുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം ഓരോന്നായി വെരിഫൈ ചെയ്യണം. ഒരിക്കൽ വെരിഫൈ ചെയ്താൽ പിന്നെ ആ അപേക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.
3. "Verification Button" ക്ലിക്ക് ചെയ്യുമ്പോൾ ആ സ്കൂളിൽ നിന്ന് റീവാല്യൂവേഷൻ/ ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് കാണാനും അതിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ, പേര് തുടങ്ങിയവ വെരിഫൈ ചെയ്തോ ഇല്ലയോ എന്നുള്ളതിന്റെ സ്റ്റാറ്റസ് അറിയുവാനും കഴിയും. View Button – ൽ ക്ലിക്ക് ചെയ്ത് ആ പരീക്ഷാർത്ഥി റീവാല്യൂവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ച വിഷയങ്ങൾ ഏതെല്ലാമാണ് എന്ന് പരിശോധിക്കാൻ സാധിക്കും. പരീക്ഷാർത്ഥി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റൗട്ടും സ്ക്രിനിൽ കാണുന്ന അപേക്ഷിച്ചിട്ടുള്ള വിഷയങ്ങളും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതിന് ശേഷം വെരിഫൈ ബട്ടൻ ക്ലിക്ക് ചെയ്ത് കൺഫോം ചെയ്യാവുന്നതാണ്. ഒരിക്കൽ കൺഫോം ചെയ്ത അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുകയില്ല. അപേക്ഷിച്ച വിഷയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ കൺഫോം ചെയ്യുന്നതിന് മുമ്പ് അപേക്ഷയിൽ തന്നെ മാറ്റം വരുത്തേണ്ടതാണ്.
4. റിപ്പോർട്ട് ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ റീവാല്യൂവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്കായി ആ സ്കൂളിൽ നിന്നും അപേക്ഷിച്ച പരീക്ഷാർത്ഥികളുടെ റിപ്പോർട്ടും ഇതിന്റെയെല്ലാം Abstract അടങ്ങുന്ന മറ്റൊരു റിപ്പേർട്ടും എടുക്കാനുള്ള ബട്ടണുകൾ കാണാൻ സാധിക്കും. മേൽപ്പറഞ്ഞ ബട്ടൺ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് കാണാവുന്നതും "Click here to print" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റിപ്പോർട്ട് പ്രിന്റ് എടുക്കാവുന്നതാണ്.
5. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ സൂപ്രണ്ട്/പ്രിൻസിപ്പൽമാർ ഓൺലൈൻ കൺഫെർമേഷൻ നടത്തി തീർക്കേണ്ടതാണ്.

സെക്രട്ടറി

1. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്
2. ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.
3. എല്ലാ സാങ്കേതി വിദ്യാഭ്യാസ സ്കൂൾ മേലധികാരികളുടെ അറിവിലേക്ക് (സാങ്കേതി വകുപ്പ് ഡയറക്ടർ, ഐ.എച്ച്.ആർ.ഡി ഡയറക്ടർ മുഖാന്തിരം)
4. സ്റ്റോക്ക് ഫയൽ

നം.ഇ.എക്സ്.എ6/27648/2016/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 27/04/2016.

## സർക്കുലർ

വിഷയം : 2016 മാർച്ചിലെ റ്റി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ **പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 31/10/2015-ാം തീയതിയിലെ ഇ.എക്സ്/സി.ജനറൽ(3) 57540/2015/സി.ജി.ഇ നമ്പർ വിജ്ഞാപനം

2016 മാർച്ച് റ്റി.എച്ച്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് ആയതിനുള്ള ഓൺലൈൻ അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in ൽ 28/04/2016 മുതൽ 03/05/2016 ഉച്ചയ്ക്ക് ഒരു മണിവരെ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിൻഔട്ടും അപേക്ഷാ ഫീസും പരീക്ഷ എഴുതിയ സെന്ററിലെ സൂപ്രണ്ട്/പ്രിൻസിപ്പാളിന് മെയ് 3 വൈകുന്നേരം 5 മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുന:മൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുന:മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കു വേണ്ടി പ്രത്യേകം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതില്ല. **ഐ.ടി വിഷയത്തിന് പുന:മൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ഉണ്ടായിരിക്കുന്നതല്ല.** സൂപ്രണ്ട്/പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ പ്രിന്റൗട്ട് ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. മെയ് 3-ാം തീയതി 5 മണിക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും സൂപ്രണ്ട്/പ്രിൻസിപ്പൽ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പുന:മൂല്യനിർണ്ണയം നടത്തിയതിനെ തുടർന്ന് ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് പരീക്ഷാർത്ഥിക്ക് തിരികെ നൽകുന്നതാണ്. **ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനു ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.** എന്നാൽ മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിച്ചു കിട്ടുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകാവുന്നതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## സൂപ്രണ്ട്/പ്രിൻസിപ്പൽമാരുടെ ചുമതലകൾ

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ ശേഷം അപേക്ഷകൾ സമർപ്പിക്കുന്ന പ്രിന്റൗട്ടിലെ വിവരങ്ങൾ സൂപ്രണ്ട്/പ്രിൻസിപ്പൽമാർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന അന്നുതന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. സൂപ്രണ്ട്/പ്രിൻസിപ്പൽമാർ ഓൺലൈൻ വെരിഫിക്കേഷനും കൺഫർമേഷനും നടത്താത്ത അപേക്ഷകൾ പുനഃമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 04/05/2016 ന് തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി) സൂപ്രണ്ട്/പ്രിൻസിപ്പൽമാർ Counter Sign ചെയ്ത് ജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുനഃമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ് മാറ്റം മൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനഃമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്കൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനു ശേഷം ബാക്കിയുള്ള തുക സൂപ്രണ്ട്/പ്രിൻസിപ്പൽമാർ **"0202-01-102-99 other receipts"** എന്ന ശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള സ്റ്റേറ്റ്മെന്റ് സഹിതം 30/06/2016-നകം രജിസ്റ്റേർഡ് പോസ്റ്റായി സൂപ്രണ്ട് എ-സെക്ഷൻ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്. കൂടാതെ ആയതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസർക്കും സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും 30/06/2016 നുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. മുൻവർഷം ചില സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർ നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടച്ചിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30/06/2016 -നകം തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേക്കും ജില്ലാവിദ്യാഭ്യാസ ആഫീസർക്കും അയക്കേണ്ടതാണ്.